പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2184 **27-10-2026-ൽ മറുപടിയ്ക്ക്**

കേരള പോലീസിന്റെ നിലവിലെ സംവിധാനവും അംഗബലവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ലോക്കൽ പോലീസ്, വിജിലൻസ്, ക്രൈംബ്രാഞ്ച് എന്നിവയ്ക്ക് പുറമേ പോലീസിലുണ്ടായിരുന്ന റിസർവ് പോലീസ് ബറ്റാലിയനുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്ര ബറ്റാലിയനുകളാണ് ഉള്ളതെന്ന് അറിയിക്കാമോ;

മറുപടി: റിസർവ്വ് പോലീസ് ബറ്റാലിയൻ നിലവിലില്ല. 10/12/2010 -ലെ സ.ഉ(പി)നം.268/2010/ ആഭ്യന്തരം പ്രകാരം കേരള പോലീസ് വകുപ്പിൽ ആംഡ് പോലീസ് ബറ്റാലിയൻ, കെ.സി.പി. എന്നീ രണ്ട് വിഭാഗം മാത്രമേ നിലവിലുള്ളൂ.

(ബി) നിലവിൽ റിസർവ് പോലീസ് ബറ്റാലിയൻ സംവിധാനമില്ലെങ്കിൽ ആയത് പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

മറുപടി: റിസർവ് പോലീസ് ബറ്റാലിയൻ പുന: സംഘടിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) റിസർവ് പോലീസ് ബറ്റാലിയൻ ജീവനക്കാർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകിവരുന്നുണ്ടോ;

മറുപടി: ബാധകമല്ല.

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ആകെ പോലീസ് ജീവനക്കാരുടെ എണ്ണം എത്രയെന്നും സേനയുടെ അംഗബലം ചുരുങ്ങിയത് ഒരു ലക്ഷമാക്കി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് നിലവിലുള്ള പോലീസ് സേനയിലെ ആകെ അനുവദനീയമായ അംഗബലം 55289 ആണ്. സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(ഇ) ക്രിമിനൽ പശ്ചാത്തലമുള്ള പോലീസുകാരെ കണ്ടെത്തി സർവീസിൽ നിന്ന് പുറത്താക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> ക്രിമിനൽ പശ്ചാത്തലമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട മേലധികാരികൾ ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട അച്ചടക്ക അധികാരികൾ നിലവിലെ ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കും പ്രകാരമുള്ള കർശന തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സേനയുടെ അച്ചടക്കം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ ഗൗരവത്തോടുകൂടി തന്നെ നടപ്പിലാക്കിവരുന്നുണ്ട്.

(എഫ്) പ്രതികളെ പോലീസ് കായികമായി ഉപദ്രവിക്കുന്ന നടപടികൾ അവസാനിപ്പിക്കുമോ?

<u>മറുപടി:</u> പോലീസ് പ്രതികളെ കായികമായി ഉപദ്രവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ